# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3963** **12.12.2018-ൽ മറുപടിക്ക്**

<u>കോതമംഗലം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>

| **ചോദ്യം**<br>**ശ്രീ.ആന്റണി ജോൺ** | **മറുപടി**<br>**കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ, സാമൂഹ്യനീതി വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും, മരുന്ന് വിതരണവും, ട്രാൻസ്ജെൻഡർ ബോധവൽക്കരണ പരിപാടി, ഭിന്നശേഷിക്കാരന് സ്വയം തൊഴിൽ സഹായം, വയോമധുരം പദ്ധതി എന്നിവ നടപ്പിലാക്കി. സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വനിതാ ശിശുവികസന വകുപ്പ് മുഖേന കോതമംഗലം മണ്ഡലത്തിൽ MGNREGS ഫണ്ട് ഉപയോഗിച്ച് 7 അങ്കണവാടികൾക്കും, NABARD, RIDF ഫണ്ട് ഉപയോഗിച്ച് 6 അങ്കണവാടികൾക്കും, സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഒരു അങ്കണവാടിക്കും, 2 മോഡൽ അങ്കണവാടിക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 50 അങ്കണവാടികളുടെ നവീകരണത്തിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.<br><br>**<u>ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>** |

| | | | |
|---|---|---|---|
| | | | ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസനം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ കോതമംഗലം താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ "രോഗി സൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കുക" എന്ന പദ്ധതിക്കായി സിവിൽ & ഇലക്ട്രിക്കൽ വർക്കുകൾക്ക് 1,90,00,000/- രൂപയും, സൈനേജ് & പിഎ സിസ്റ്റം സ്ഥാപിക്കുന്നതിന് 5,00,000/- രൂപയും, രോഗികൾക്കായുള്ള ഇരിപ്പിട സൗകര്യം, എയർപോർട്ട് ചെയർ, വാട്ടർ പ്യൂരിഫയർ, ഓഫീസ് ഫർണീച്ചർ എന്നിവക്ക് 13,44,000/- രൂപയും, കണ്ടിജൻസി ചിലവുകൾക്ക് 10,00,000/- രൂപയും ഉൾപ്പെടെ ആകെ 2,18,44,000/- രൂപയുടെയും, 2018-19 സാമ്പത്തിക വർഷത്തിൽ ഇതേ പദ്ധതിക്ക് 1,93,26,654/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ദന്തൽ മെക്കാനിക് - 1, സ്റ്റാഫ് നഴ്സ് - 2, ലാബ് ടെക്നീഷ്യൻ - 3, ഇ.സി.ജി. ടെക്നീഷ്യൻ - 1, മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ - 1. |
| (ബി) | ഇതിൽ ഓരോ പ്രവൃത്തിയുടേയും പുരോഗതി വ്യക്തമാക്കാമോ; | (ബി) | 03/11/2018-ൽ കോതമംഗലം കലാ ഓഡിറ്റോറിയത്തിൽ വച്ച് വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പും, മരുന്ന് വിതരണവും നടത്തി. മുന്നൂറോളം വയോജനങ്ങൾ ടി ക്യാമ്പിൽ പങ്കെടുത്തു. |

| | | | |
|---|---|---|---|
| | | | 27/11/2018-ൽ മാതിരപ്പിള്ളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് വിദ്യാർത്ഥികൾക്കായി ട്രാൻസ്ജെൻഡർ വിഭാഗക്കാരെ സംബന്ധിച്ച് ഒരു ബോധവൽക്കരണ പരിപാടി, ക്വിസ് മത്സരം, പെയിന്റിംഗ് മത്സരം എന്നിവ സംഘടിപ്പിച്ചു. പ്രളയ ദുരന്തം മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട ഉന്തുവണ്ടിയിൽ പച്ചക്കറിക്കച്ചവടം നടത്തിയിരുന്ന ഭിന്നശേഷിക്കാരിയായ ശ്രീമതി.രഞ്ജിനി എം.എം.ന് സ്വയം തൊഴിൽ സഹായമായി 60,000/- രൂപ അംഗീകരിച്ചു നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. വയോമധുരം പദ്ധതി പ്രകാരം ഗ്ലൂക്കോമീറ്റർ വിതരണം ചെയ്യുന്നതിനായി ലഭിച്ച 63 അപേക്ഷകർക്ക് ഉപകരണം അനുവദിച്ചിട്ടുണ്ട്. MGNREGS ഫണ്ട് ഉപയോഗിച്ച് 4 അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 3 എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല. NABARD, RIDF ഫണ്ട് ഉപയോഗിച്ച് 3 കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുകയും, 3 എണ്ണത്തിന്റെ നിർമ്മാണം ഉപേക്ഷിക്കുകയും ചെയ്തു. സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം ആരംഭിച്ചിട്ടില്ല. 2 മോഡൽ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 8 അങ്കണവാടികളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 42 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓ.പി ട്രാൻസ്ഫോർമേഷന് വേണ്ടി ഹൗസിങ് ബോർഡ് വഴി ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (സി) | ഈ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മണ്ഡലത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കോതമംഗലം താലൂക്കാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനമായതിനാൽ ഘട്ടംഘട്ടമായാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സായംപ്രഭ ഹോമുകൾ, ഭിന്നശേഷിക്കാർക്ക് അസിസ്റ്റീവ് ഡിവൈസ് വിതരണം, ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് സ്വയംതൊഴിൽ പദ്ധതി എന്നിവയും പരിഗണിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**